# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 26 07.08.2017 ൽ മറുപടിയ്ക്ക്

## ഭരണപരിഷ്കാര കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി ശ്രീ. വി.എസ്.അച്യുതാനന്ദൻ എന്ന് മുതലാണ് ചുമതലയേറ്റത്; | (എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി ശ്രീ. വി.എസ്.അച്യുതാനന്ദൻ 18/08/16 ൽ ചുമതലയേറ്റു. |
| (ബി) അദ്ദേഹത്തിന് ശമ്പളം, അലവൻസുകൾ തുടങ്ങി ഏതെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; ഇതിനായി 31.7.2017 വരെ ഏകദേശം എത്ര രൂപ ചെലവായെന്ന് വെളിപ്പെടുത്തുമോ; ഇതിനുപുറമെ ഏതെല്ലാം സൗകര്യങ്ങളാണ് ചെയർമാന് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) ഇതുസംബന്ധിച്ച് 05.05.2017 ലെ സ.ഉ.(കൈ)നം.11/17/ഉ.ഭ.പ.വ സർക്കാർ ഉത്തരവ് പ്രകാരം ശമ്പളവും അലവൻസുകളും നിശ്ചയിട്ടുണ്ട്. 31.07.2017 വരെ ആകെ 5,72,422/- രൂപ ചെയർമാന് ശമ്പളവും ആനുകൂല്യങ്ങളുമായി നൽകിയിട്ടുണ്ട്. ഇതിനുപുറമേയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചും മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. (ഉത്തരവ് അനുബന്ധം-I ആയി ഉള്ളടക്കം ചെയ്യുന്നു.) |
| (സി) കമ്മീഷൻ ഓഫീസ് നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; സെക്രട്ടേറിയറ്റിൽ കമ്മീഷൻ ഓഫീസ് വേണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; | (സി) കമ്മീഷൻ ഓഫീസ് നിലവിൽ സെക്രട്ടേറിയറ്റിലും IMG യിലുമായി പ്രവർത്തിച്ചുവരുന്നു. |
| (ഡി) ചെയർമാന് പുറമെ രണ്ട് അംഗങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) ഇതുസംബന്ധിച്ച 04.06.2017 ലെ സ.ഉ.(കൈ)നം.15/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് അനുബന്ധം-II ആയി ഉള്ളടക്കം ചെയ്യുന്നു. |

| | |
|---|---|
| (ഇ) ഏതെല്ലാം കാറ്റഗറിയിൽ എത്ര പേഴ്സണൽ സ്റ്റാഫിനെയാണ് കമ്മീഷൻ ചെയർമാന് അനുവദിച്ചിട്ടുള്ളത്; | (ഇ) & (എഫ്) ഇതുസംബന്ധിച്ച 30.08.2016 ലെ സ.ഉ.(കൈ)21/16/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് അനുബന്ധം-III ആയി ഉള്ളടക്കം ചെയ്യുന്നു. |
| (എഫ്) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചോ; നിശ്ചയിച്ചുവെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | |
| (ജി) കമ്മീഷൻ പ്രവർത്തനമാരംഭിച്ചോ; എന്നുമുതൽ പ്രവർത്തനം ആരംഭിച്ചുവെന്ന് അറിയിക്കുമോ? | (ജി) 18.08.2016 മുതൽ ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തനമാരംഭിച്ചു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ ശ്രീ.വി.എസ്.അച്ചുതാനന്ദന്റെ ശമ്പളവും ആനുകൂല്യങ്ങളും നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്**

സ.ഉ. (കൈ)നം. 11 /2017/ഉ.ഭ.പ.വ *തിരുവനന്തപുരം, തീയതി, 05.05.2017.*

---

പരാമർശം: 1) 06.08.2016 ലെ G.O.(Ms)No.16/2016/P&ARD നമ്പർ സർക്കാർ ഉത്തരവ്

2) 30.08.2016 ലെ G.O.(Ms)No.21/2016/P&ARD നമ്പർ സർക്കാർ ഉത്തരവ്

3) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയുടെ 20.12.2016 ലെ 24/APS/ARC/2016 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനുമായി പരാമർശം (1) ലെ സർക്കാർ ഉത്തരവുപ്രകാരം ശ്രീ.വി.എസ്.അച്ചുതാനന്ദൻ എം.എൽ.എ. ചെയർമാനായും ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ എന്നിവർ അംഗങ്ങളായും നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുകയും പരാമർശം (2)ലെ സർക്കാർ ഉത്തരവുപ്രകാരം കമ്മീഷന്റെ വ്യവസ്ഥകളും നിബന്ധനകളും തീരുമാനിക്കുകയുമുണ്ടായി.

2) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ ശ്രീ.വി.എസ്.അച്ചുതാനന്ദന്റെ ശമ്പളവും മറ്റാനുകൂല്യങ്ങളും നിശ്ചയിക്കണമെന്ന് പരാമർശം (3)ലെ കത്തുപ്രകാരം ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭയുടെ സാധൂകരണത്തിന് വിധേയമായി ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ ശമ്പളവും മറ്റാനുകൂല്യങ്ങളും The Payment of Salaries and Allowances Act, 1951 (Act XIV of 1951) പ്രകാരം ചുവടെ വിവരിക്കുംവിധം നിശ്ചയിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. പ്രതിമാസ ശമ്പളം - 1000 രൂപ
   ഡി.എ - 1000 രൂപ ശമ്പളം വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കാലാകാലങ്ങളിൽ അനുവദനീയമായ നിരക്കിലുള്ള ഡി.എ.
   പ്രതിമാസ നിയോജകമണ്ഡലബത്ത -12000/- രൂപ
   [ആക്റ്റിലെ സെക്ഷൻ 3 പ്രകാരം]
2. തിരുവനന്തപുരം സിറ്റിയ്ക്കകത്തും 8 കിലോമീറ്റർ ചുറ്റളവിലും യാത്ര ചെയ്യുന്നതിനായി ഇന്ധന ചെലവിനായി പ്രതിമാസം 10500/- രൂപ
   (ആക്റ്റിലെ സെക്ഷൻ 6 (2) പ്രകാരം)
3. യാത്രാബത്ത - ആക്റ്റിന്റെ ഷെഡ്യൂളിൽ പറയും പ്രകാരമുള്ള യാത്രാബത്ത
   (ആക്റ്റിലെ സെക്ഷൻ 7 (1),(3) പ്രകാരം)

## മറ്റ് സൗകര്യങ്ങൾ

1. തിരുവനന്തപുരം സിറ്റിയ്ക്കകത്ത് വാടക നൽകാതെ എല്ലാ സൗകര്യങ്ങളോടും കൂടിയ വീട്. (സെക്ഷൻ 5 പ്രകാരം)

2. മന്ത്രിമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഏതെങ്കിലും സർക്കാർ ആശുപത്രിയിലെ സൗജന്യ ചികിത്സയും സർക്കാർ ഡോക്ടറുടെ സൗജന്യ സേവനവും. കൂടാതെ സർക്കാർ ആശുപത്രി അല്ലാത്ത ആശുപത്രിയിലെ ചികിത്സയ്ക്കും ഡോക്ടറുടെ സേവനത്തിനും ചെലവാകുന്ന തുക സർക്കാർ തിരികെ നൽകുന്നതാണ്. (സെക്ഷൻ 5A പ്രകാരം)

3. പൊതുകാര്യങ്ങൾക്കായി യാത്രചെയ്യുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾക്ക് അപകട ഇൻഷ്വറൻസ് . (സെക്ഷൻ 5B പ്രകാരം)

4. കാലാകാലങ്ങളിൽ സർക്കാർ നൽകുന്ന അനുയോജ്യമായ യാത്രാസൗകര്യം.

(സെക്ഷൻ 6 പ്രകാരം)

5. പൊതുകാര്യങ്ങൾക്കായി തിരുവനന്തപുരം സിറ്റിയിൽ നിന്നും 8 കിലോ മീറ്ററിൽ കൂടുതലുള്ള യാത്രകൾക്ക് മേൽപ്പറഞ്ഞ സൗകര്യം കൂടാതെ ഏതെങ്കിലും സർക്കാർ യാത്രാ സൗകര്യം കൂടി വിനിയോഗിക്കാവുന്നതാണ്. (സെക്ഷൻ 6(3) പ്രകാരം)

6. സർക്കാരിന്റെ ബോട്ടുകൾ സൗജന്യമായി ഉപയോഗിക്കാവുന്നതാണ് .

(സെക്ഷൻ 6A പ്രകാരം)

7. പരമാവധി 15000 രൂപ വരെ ഒരു സാമ്പത്തിക വർഷത്തിൽ പുസ്തകങ്ങൾ വാങ്ങിയതിന് തിരികെ ലഭിക്കുന്നതാണ്. (സെക്ഷൻ 8C പ്രകാരം)

4) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി ശ്രീ.വി.എസ്.അച്യുതാനന്ദൻ ചുമതലയേറ്റ 18.08.2016 മുതൽ നിയമസഭാംഗമെന്ന നിലയിലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും കൈപ്പറ്റുന്നില്ലെന്ന വ്യവസ്ഥയിൽ മേൽവിവരിച്ച ആനുകൂല്യങ്ങൾക്ക് അദ്ദേഹത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതുസംബന്ധിച്ച ചിലവുകൾ 2017-18 ധനകാര്യ വർഷത്തിലെ "2052-00-092-81" എന്ന ശീർഷകത്തിൽ വകയിരുത്തുന്നതാണ്. ചെയർമാന്റെ ഭരണസംബന്ധിയായ വിഷയനിർവ്വഹണ ചുമതല ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജീത് രാജൻ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ.വി.എസ്.അച്യുതാനന്ദൻ എം.എൽ.എ, ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.
മെമ്പർ സെക്രട്ടറി, ഭരണപരിഷ്കാര കമ്മീഷൻ
പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം
ധനകാര്യവകുപ്പ് (424388/വ്യയം. എ 3/131/2017-ധന നം.കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - II

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ഫുൾ ടൈം മെമ്പർ, പാർട്ട് ടൈം മെമ്പർ എന്നിവരുടെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അംഗീകാരം നൽകി ഉത്തരവാകുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്**

സ.ഉ. (കൈ) നം.15/2017/ഉ.ഭ.പ.വ    *തിരുവനന്തപുരം, തീയതി,04.06.2017*

---

പരാമർശം: 1) 06.08.2016 ലെ G.O.(Ms) No.16/2016/P&ARD നമ്പർ സർക്കാർ ഉത്തരവ്
2) 30.08.2016 ലെ G.O.(Ms) No.21/2016/P&ARD നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനുമായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ശ്രീ.വി.എസ്.അച്ചുതാനന്ദൻ എം.എൽ.എ. ചെയർമാനായും ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ എന്നിവർ അംഗങ്ങളായും നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. തുടർന്ന് കമ്മീഷൻ അംഗങ്ങളുടെ വ്യവസ്ഥകളും നിബന്ധനകളും സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫുൾ ടൈം മെമ്പറായ ശ്രീ.സി.പി.നായരുടെയും പാർട്ട് ടൈം മെമ്പറായ ശ്രീമതി. നീലാ ഗംഗാധരന്റെയും സേവനം സംബന്ധിച്ച വ്യവസ്ഥകളും നിബന്ധനകളും ചുവടെ വിവരിക്കുംവിധം നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

**ശ്രീ.സി.പി.നായർ, ഫുൾ ടൈം മെമ്പർ**

1. നിലവിൽ ലഭിക്കുന്ന പെൻഷന് പുറമെ 75,000/- (എഴുപത്തി അയ്യായിരം രൂപമാത്രം) രൂപ പ്രതിമാസ ഓണറേറിയമായി നൽകുന്നതാണ്. സാധാരണഗതിയിലുള്ള പെൻഷൻ, ക്ഷാമബത്ത എന്നിവയ്ക്ക് തുടർന്നും അർഹതയുണ്ടായിരിക്കും.
2. കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്ക് ഗവ.ചീഫ് സെക്രട്ടറിക്ക് തത്തുല്യമായ യാത്രാബത്ത, ദിനബത്ത എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.
3. സർക്കാർ നിയന്ത്രണത്തിലുള്ള ഗസ്റ്റ് ഹൗസ്, റസ്റ്റ് ഹൗസ് എന്നിവിടങ്ങളിൽ ചീഫ് സെക്രട്ടറിമാർക്ക് അനുവദനീയമായ നിരക്കിലും തത്തുല്യമായ മുൻഗണനയ്ക്കും അർഹതയുണ്ടായിരിക്കും.
4. കമ്മീഷന്റെ ഓരോ സിറ്റിംഗിനും 2500/- രൂപ(രണ്ടായിരത്തി അഞ്ഞൂറു രൂപമാത്രം) നിരക്കിൽ സിറ്റിംഗ് ഫീ അനുവദിക്കുന്നതാണ്.
5. അദ്ദേഹത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള വാഹനം ടൂറിസം വകുപ്പ് ലഭ്യമാക്കുന്നതാണ്. ഔദ്യോഗികാവശ്യങ്ങൾക്കായി പോസ്റ്റ് പെയ്ഡ് വ്യവസ്ഥയിൽ മൊബൈൽ ഫോൺ കണക്ഷനും ആയതുമായി ബന്ധപ്പെട്ട പ്രതിമാസ ചിലവുകൾക്കും അർഹതയുണ്ടായിരിക്കും.

**ശ്രീമതി നീലാ ഗംഗാധരൻ, പാർട്ട് ടൈം മെമ്പർ**

1. പാർട്ട് ടൈം മെമ്പറുടെ ആസ്ഥാനം ബംഗലൂരു ആയിരിക്കും.
2. പ്രതിമാസം കമ്മീഷൻ സിറ്റിംഗ് ഉള്ള ദിവസങ്ങൾ അടക്കം പ്രതിദിനം 2500/- (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ നിരക്കിൽ പരമാവധി 15 ദിവസത്തെ വേതനത്തിന് പാർട്ട് ടൈം മെമ്പർക്ക് അർഹതയുണ്ടായിരിക്കും. ആയതിനുപുറമെ ടെലഫോൺ, ഡാറ്റാ ഉപയോഗം, സ്റ്റേഷനറി, ടൈപ്പിംഗ് ചിലവുകൾ എന്നിവയ്ക്ക് സ്വയം സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 10,000/- (പതിനായിരം രൂപ മാത്രം) രൂപ അനുവദിക്കുന്നതാണ്.
3. കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്ക് ഗവ.ചീഫ് സെക്രട്ടറിക്ക് തത്തുല്യമായ യാത്രാബത്ത, ദിനബത്ത എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.
4. സർക്കാർ നിയന്ത്രണത്തിലുള്ള ഗസ്റ്റ് ഹൗസ്, റസ്റ്റ് ഹൗസ് എന്നിവിടങ്ങളിൽ ചീഫ് സെക്രട്ടറിമാർക്ക് അനുവദനീയമായ നിരക്കിലും തത്തുല്യമായ മുൻഗണനയ്ക്കും അർഹതയുണ്ടായിരിക്കും.
5. കമ്മീഷന്റെ ഓരോ സിറ്റിംഗിനും 2500/-രൂപ (രണ്ടായിരത്തി അഞ്ഞൂറ് രൂപമാത്രം) നിരക്കിൽ സിറ്റിംഗ് ഫീ അനുവദിക്കുന്നതാണ്.
6. അവരുടെ ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള വാഹനം ടൂറിസം വകുപ്പ് ലഭ്യമാക്കുന്നതാണ്.

3) ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തനമാരംഭിച്ച 18.08.2016 മുതൽ അംഗങ്ങൾക്ക് മേൽവിവരിച്ച ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും. ഇതുസംബന്ധിച്ച ചിലവുകൾ 2017-18 ധനകാര്യ വർഷത്തിലെ "2052-00-092-81" എന്ന ശീർഷകത്തിൽ വകയിരുത്തുന്നതാണ്. കമ്മീഷൻ അംഗങ്ങളുടെ ഭരണസംബന്ധിയായ വിഷയനിർവ്വഹണ ചുമതല ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജിത് രാജൻ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ.സി.പി.നായർ ഫുൾ ടൈം മെമ്പർ, ഭരണപരിഷ്കാര കമ്മീഷൻ.
ശ്രീമതി. നീലാ ഗംഗാധരൻ പാർട്ട് ടൈം മെമ്പർ, ഭരണപരിഷ്കാര കമ്മീഷൻ.
മെമ്പർ സെക്രട്ടറി, ഭരണപരിഷ്കാര കമ്മീഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (31.05.2017 ലെ മന്ത്രിസഭായോഗതീരുമാനം ഇനം. നമ്പർ1071 പ്രകാരം)
പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം
ധനകാര്യവകുപ്പ് (E337186/വ്യയം. എ 3/514/2016-ധന നം.കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം 3

**GOVERNMENT OF KERALA**

**Abstract**

Personnel and Administrative Reforms Department – Administrative Reforms Commission- Terms of Reference - Sanctioned - Orders issued.

**PERSONNEL & ADMINISTRATIVE REFORMS (AR. 12) DEPARTMENT**

G.O (Ms) No. 21/2016/P&ARD. *Dated, Thiruvananthapuram,30.08.2016*

Read:- G.O.(MS)No.16/2016/P&ARD dated 06/08/2016.

**ORDER**

Government are pleased to accord sanction for creation of the following posts for the smooth functioning of the 4th Administrative Reforms Commission constituted as per G.O. read above.

| | |
|---|---|
| Additional Secretary | 1 |
| Deputy Collector | 1 |
| Finance Officer (Deputy Secretary) | 1 |
| Under Secretary | 2 |
| Section Officer | 1 |
| Assistant | 3 |
| Confidential Assistant | 2 [English]<br>1 [Malayalam] |

**On Daily Wage**

| | |
|---|---|
| Office Attendant | 3 |
| Data Entry Operator | 1 |
| Driver | 1 |

**Personal Staff to the Chairman , Administrative Reforms Commission**

| | |
|---|---|
| Private Secretary | 1 |
| Assistant Private Secretary | 1 |
| Personal Assistant | 2 |
| Steno | 1 |
| Clerk/Office Attendant | 4 |
| Driver | 2 |
| Cook | 1 |
| Personal Security Officer | |

The Personal Staff of the Chairman will be appointed on co-terminus basis.

Smt. Neela Gangadharan will serve as a Part Time Member . The Tourism Department shall provide vehicle for her conveyance. The terms and conditions related to the members of the Commission will be issued separately.

The Terms of Reference for the Administrative Reforms Commission are as follows.

(i) To review the structure and functioning of the administrative machinery of the State and suggest measures for improving its responsiveness, efficiency and effectiveness as is required in a welfare State.

(ii) To revisit and redefine the roles of departments and important agencies in Government.

(iii) To suggest measures for co-ordinated and joined-up functioning of Government departments and agencies to enhance positive outcomes.

(iv) To suggest measures to eliminate delays, corruption, favoritism and nepotism and to make administration result-oriented.

(v) To suggest steps for enhancing delegation of powers to increase efficiency and citizen satisfaction.

(vi) To suggest modern management methods and Information Technology system and tools,which can be adapted in Government.

(vii) To review the policies relating to recruitment , placement and promotion and suggest measures for improvement of the performance of civil servants.

(viii) To suggest methods for democratization of different organs of Government at various levels and increase participation of the people in governance.

(ix) To assess the delivery of key public services and suggest measures for increasing their efficiency.

(x) To Suggest measures to make Government more open and accountable.

(xi) To Suggest measures to refine/operationalize Gender Budgeting, Child Budgeting.

(xii) To recommend modern fiscal planning tools like output and outcome-based budgeting.

(xiii) To assess the capacity building system in Government and suggest measures to make it more effective.

(xiv) To make any other recommendation arising from the above matters or incidental to them or considered necessary or appropriate by the Commission.

(By Order of the Governor)

SATYAJEET RAJAN,
Principal Secretary to Government.

To

Shri.V.S.Achuthanandan, MLA, Chairman, Administrative Reforms Commission
Shri.C.P. Nair,,Member, Administrative Reforms Commission
Smt.Neela Gangadharan, Member,Administrative Reforms Commission
The Principal Accountant General(Audit), Kerala, Thiruvanatnapuram.
The Accountant General(A&E),Kerala,Thiruvananthapuram.
The Director, Information & Public Relations Department.
The General Administration (SC)Department
The Finance Department(Vide u.o no Exp A2/ 432/16/Fin dated 30.08.2016)
The District Treasury Officer , Thiruvananthapuram.
The Sub Treasury Officer, Secretariat Sub Treasury, Thiruvananthapuram.

Copy to.

Information and Public Relations (Web & Media) Department -for uploading in the official web site of Government of Kerala.
Additional Secretary to Chief Secretary.
Joint Secretary to Additional Chief Secretary (Finance Department).
PA to Principal Secretary,P&ARD.
Stock File/Office Copy.

Forwarded/By Order

Section Officer